# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1606

04-12-2015- ലെ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി** | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലരവർഷത്തെ ബജറ്റുകളിൽ അനുവദിച്ച ആകെ തുക എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) | കഴിഞ്ഞ നാലര വർഷത്തെ ബഡ്ജറ്റുകളിൽ ആകെ 40,449.97/- ലക്ഷം രൂപ വകയിരുത്തിയിരുന്നു. അനുവദിച്ച ആകെ തുക - 12,231.15 ലക്ഷം രൂപ ആണ്. |
| (ബി) | അതിൽ ഇതുവരെ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ച ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇതുവരെ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ച ആകെ തുക 12,209.85 ലക്ഷം രൂപയാണ്. |
| (സി) | പ്രസ്തുത കാലയളവിൽ ഏതൊക്കെ പദ്ധതികളാണ് ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | അതിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതം തുക ഇതുവരെ ട്രഷറിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

## വിവിധ പദ്ധതികളുടേയും അവയ്ക്കായി ട്രഷറിയിൽ നിന്നും ചെലവഴിച്ച തുകയുടേയും വിവരം.

1. 2011-12 വർഷത്തിൽ നിർദ്ധനരായ 7599 വിദ്യാർത്ഥികൾക്ക് സൗജന്യ പഠനമേശയുടെയും കസേരയുടെയും വിതരണത്തിന് **2,81,15,856/- രൂപ** ചെലവഴിച്ചിട്ടുണ്ട്.

2. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി) നിർവ്വഹണവുമായി ബന്ധപ്പെട്ട് 1937.90 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

3. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന സി. എച്ച്. മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് & ഹോസ്റ്റൽ സ്റ്റൈപ്പന്റ് (തുടർ പദ്ധതി) 2011-12 സാമ്പത്തിക വർഷത്തിൽ ഫ്രഷ്, റിന്യൂവൽ വിഭാഗങ്ങളിലെ **9931** വിദ്യാർത്ഥിനികൾക്ക് **6,64,50,366/-** രൂപ ചെലവഴിച്ചിട്ടുണ്ട്.

4. 2012-13 സാമ്പത്തിക വർഷത്തിൽ സി. എച്ച്. മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് & ഹോസ്റ്റൽ സ്റ്റൈപ്പന്റ് (തുടർ പദ്ധതി) ഫ്രഷ്, റിന്യൂവൽ വിഭാഗങ്ങളിലെ **9138** വിദ്യാർത്ഥിനികൾക്ക് **5,97,01,507/-** രൂപ ചെലവഴിച്ചിട്ടുണ്ട്.

5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി) നിർവ്വഹണവുമായി ബന്ധപ്പെട്ട് 37.462 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

6. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ ക്യാപിറ്റലിന് വേണ്ടി 80 ലക്ഷം രൂപ ചെലവഴിച്ചു.

**2012-13** സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്താകെ 46 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് **93,90,652 രൂപ** ചെലവഴിച്ചിട്ടുണ്ട്.

7. 2012-13 സാമ്പത്തിക വർഷം സംഘടിപ്പിച്ച **ദ്വിദിന വ്യക്തിത്വ വികസന ക്യാമ്പിനായി 33,31,143 രൂപ** ചെലവഴിച്ചിട്ടുണ്ട്.

**2013–14, 2014–15, 2015–16 വർഷങ്ങളിലെ വിശദാംശങ്ങൾ**

| പദ്ധതി | ചെലവഴിച്ച തുക (2013–14) | ചെലവഴിച്ച തുക (2014–15) | ചെലവഴിച്ച തുക (2015–16) |
|---|---|---|---|
| ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹബന്ധം വേർപെടുത്തിയവർക്കുമുള്ള ഭവന പദ്ധതി | 1900 ലക്ഷം | 998 ലക്ഷം | 935 ലക്ഷം (ആദ്യ ഗഡു) |
| ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി | 20 ലക്ഷം | 50 ലക്ഷം | 100 ലക്ഷം |
| സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് | 19.98 ലക്ഷം | 49.98 ലക്ഷം | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമം പൂർത്തീകരിച്ചു വരുന്നു |
| സ്വകാര്യ ഐ.റ്റി.സി–ൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ഫീറീഇംബേഴ്മെന്റ് സ്കീം | 100 ലക്ഷം | 80 ലക്ഷം | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമം പൂർത്തീകരിച്ചു വരുന്നു |
| ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി | 400 ലക്ഷം | 300 ലക്ഷം | 480 ലക്ഷം |
| ഹ്രസ്വകാല ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പ് | 2.46 ലക്ഷം | 24.05 ലക്ഷം | 7.87 ലക്ഷം |
| ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി) | 1532.51 ലക്ഷം | 43.95 ലക്ഷം | 674.48 ലക്ഷം |
| സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ–കോർപ്പറേഷൻ | 840 ലക്ഷം | 1000 ലക്ഷം | 500 ലക്ഷം |

1. 2013-14 സാമ്പത്തിക വർഷത്തിൽ സി. എച്ച്. മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് & ഹോസ്റ്റൽ സ്റ്റൈപ്പന്റ് (തുടർ പദ്ധതി) ഫ്രഷ്, റിന്യൂവൽ വിഭാഗങ്ങളിലെ **11,735** വിദ്യാർത്ഥിനികൾക്ക് **7,66,69,000/-** രൂപ ചെലവഴിച്ചു.

2. 2014-15 സാമ്പത്തിക വർഷത്തിൽ സി. എച്ച്. മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് & ഹോസ്റ്റൽ സ്റ്റൈപ്പന്റ് (തുടർ പദ്ധതി) ഫ്രഷ്, റിന്യൂവൽ വിഭാഗങ്ങളിലെ **10,731** വിദ്യാർത്ഥിനികൾക്ക് **6,41,07,000/-** രൂപ ചെലവഴിച്ചു.

3. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് 'സ്കോളർഷിപ്പ് & സ്റ്റൈപ്പന്റ് (NP)' എന്ന ശീർഷകത്തിൽ നിന്ന് 7.97 ലക്ഷം രൂപ ചെലവഴിച്ചു.

4. 2013–14 സാമ്പത്തിക വർഷത്തിൽ 40 ന്യൂനപക്ഷ വനിതകൾക്ക് അറബിക് കാലിഗ്രാഫിയിൽ (ബാത്തിക് പെയിന്റിംഗ്) പരിശീലനം നൽകുന്നതിന് 1.51 ലക്ഷം രൂപ ചെലവഴിച്ചു.

5. മദ്രസ്സാദ്ധ്യാപകരുടെ മക്കളിൽ ബി.ടെക്ക് –ന് പഠിക്കുന്നവർക്ക് സൗജന്യമായി ലാപ്ടോപ് വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി 2011–12 – ൽ 2 ലക്ഷം രൂപ ചെലവഴിച്ചു.

6. മദ്രസ്സാദ്ധ്യാപകരുടെയും അവരുടെ പെൺമക്കളുടേയും വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതിയ്ക്കായി 2014–15 – ൽ 6.30 ലക്ഷം രൂപയും 2015–16 – ൽ 8.20 ലക്ഷം രൂപയും ചെലവഴിച്ചു.

7. മദ്രസ്സാദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് നൽകുന്ന പദ്ധതിയിൽ 2014–15 വർഷത്തിൽ 44,000/- രൂപയും 2015–16 വർഷത്തിൽ 22,000/- രൂപയും ചെലവഴിച്ചു.

സെക്ഷൻ ഓഫീസർ